**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4698** **19-03-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | തഴക്കര കുടിവെള്ള പദ്ധതി, മാവേലിക്കര, തഴക്കര, ചെട്ടികുളങ്ങര ജൽ ജീവൻ മിഷൻ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി മാവേലിക്കര മണ്ഡവത്തിൻ കടവിൽ പുതിയതായി 10 മീ. വ്യാസമുള്ള ഇൻടേക്ക് വെൽ, മാവേലിക്കര കേരള വാട്ടർ അതോറിറ്റിയുടെ പി.എച്ച് സെക്ഷൻ ഓഫീസ് കോമ്പൗണ്ടിൽ 30MLD ശുദ്ധീകരണശാല, തഴക്കരയിൽ 11 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ ഇൻടേക്ക് വെൽ, 11 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി എന്നീ പ്രവൃത്തികൾ ദർഘാസ് നടപടികൾ പൂർത്തീകരിച്ചെങ്കിലും നാഷണൽ ജൽ ജീവൻ മിഷനിൽ നിന്നുള്ള അനുമതി ലഭ്യമാകാനുണ്ട്. കൂടാതെ 30MLD ശുദ്ധീകരണശാലയുടെ ദർഘാസ് പല തവണ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് 24/03/2025 വരെ ദർഘാസ് തീയതി ദീർഘിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ തഴക്കര പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ ദീർഘിപ്പിക്കുന്നതിനും ഗാർഹിക കണക്ഷൻ നൽകുന്നതിനുമുള്ള പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ശുദ്ധജല ടാങ്കിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | തഴക്കരയിൽ പുതിയതായി പണികഴിക്കുന്ന 11 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാഷണൽ ജൽ ജീവൻ മിഷനിൽ നിന്നും 16/08/2024-നു ശേഷമുള്ള പുതിയതായി ആരംഭിക്കേണ്ട പ്രവൃത്തികൾക്കുള്ള അനുമതി ലഭ്യമാകാനുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ദർഘാസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാഷണൽ ജൽ ജീവൻ മിഷനിൽ നിന്നും 16/08/2024 നു ശേഷമുള്ള പുതിയതായി ആരംഭിക്കേണ്ട പ്രവൃത്തികൾക്കുള്ള നൽകുവാനുള്ള അനുമതി ലഭ്യമാകാനുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തഴക്കര ഗ്രാമപ്പഞ്ചായത്തിലെ കന്നിമേൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | തഴക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 10-ലെ കന്നിമേൽ കോളനിക്ക് മാത്രമായി ഒരു കുടിവെള്ള പദ്ധതി വേണമെന്ന തഴക്കര ഗ്രാമപഞ്ചായത്തിന്റെ ആവശ്യ പ്രകാരം 1.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തി നടപ്പിലാക്കുന്നതിനായി 31/01/2022 ൽ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു. അച്ചൻകോവിലാറിനു സമീപം കിണർ, പമ്പ്ഹൗസ്, ഇൻസ്പെക്ഷൻ ഗാലറി, 200 mm DI പമ്പിങ് മെയിൻ, ഉപരിതല സംഭരണിയുടെ നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, PWD Road Restoration Charge, Consultancy Charge, Soil Investigation Charge, എന്നിവ ആയിരുന്നു ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പ്രവൃത്തിയ്ക്ക് പല തവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് ഡെപ്പോസിറ്റ് തുക തിരികെ കൊടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.<br><br>ടി വിഷയത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്ന് പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് 'പ്രൈസ്-3' യിൽ തയ്യാറാക്കുകയും തഴക്കര ഗ്രാമപഞ്ചായത്തിന്റെ 23/03/2023 ലെ കത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് രണ്ടു ഭാഗങ്ങൾ ആക്കുകയും ആദ്യ ഭാഗത്തിൽ 4 മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, ഇൻസ്പെക്ഷൻ ഗാലറി, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തി 54,45,000/- രൂപയുടെ എസ്റ്റിമേറ്റും, രണ്ടാം ഭാഗത്തിൽ പമ്പിങ് മെയിൻ, ഉന്നതജല സംഭരണി എന്നിവ ഉൾപ്പെടുത്തി 96,16,000 രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കി. ആകെ 1,50,61,000/- രൂപ ആയതിനാൽ അധികമായ 10,61,000 രൂപ അടയ്ക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ്പഞ്ചായത്തിന് നൽകിയിട്ടുമുണ്ട്.<br><br>പ്രവൃത്തിയുടെ ആദ്യ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി മൂന്നു തവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റദ്ദ് ചെയ്യുകയാണുണ്ടായത്. നാലാമത്തെ ദർഘാസിൽ ലഭിച്ച ഏക ഓഫർ അനുവദിയ്ക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സാമ്പത്തിക പരാധീനതമൂലം പ്രവൃത്തി ഏറ്റെടുക്കുവാൻ സാധ്യമല്ലെന്ന് പ്രസ്തുത കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് വർക്ക് ഓർഡർ റദ്ദു ചെയ്യുകയും, നിരത ദ്രവ്യമായ 50,000/- രൂപ പിടിച്ചെടുക്കുകയും, ടിയാനെതിരെ തുടർ നടപടികൾ സ്വീകരിച്ചു വരുകയുമാണ്. തുടർന്ന് വീണ്ടും രണ്ടു |

| | | | |
|---|---|---|---|
| | | | തവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനെതുടർന്ന് റദ്ദ് ചെയ്തു. തുടർന്ന് എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്ത് പുതിയ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചു. ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദ് ചെയ്തു. പുന:ദർഘാസിൽ, ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 17.03.2025 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ